**സാമൂഹ്യക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി**

**240 (4911)** ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീസുരക്ഷയ്ക്കും കുട്ടികളുടെയും മുതിർന്നവരുടെയും സംരക്ഷണത്തിനും സാമൂഹ്യ ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവരുടെ ക്ഷേമത്തിന് ആരംഭിച്ച പ്രസ്തുത പദ്ധതികളും പുതുതായി ആരംഭിക്കുവാൻ പോകുന്ന പദ്ധതികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹ്യക്ഷേമ പദ്ധതികൾ**

**241 (4912)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാപദ്ധതികൾ, പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, അഗതികൾ, വികലാംഗർ, വൃദ്ധർ ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ ക്ഷേമപദ്ധതികളുടേയും വിശദാംശങ്ങളും അർഹത, മാനദണ്ഡങ്ങൾ, അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടത് എന്നീ വിവരങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ക്ഷേമ പെൻഷനുകൾക്കുള്ള അർഹത**

**242 (4913)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരാൾക്ക് ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷനുകൾ ലഭിക്കാൻ അർഹതയുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് ഒരേ സമയം ലഭിക്കാൻ അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly